(സി) ഇവരുടെ പേരിലുള്ള 64 ലക്ഷം രൂപയുടെ റവന്യൂ റിക്കവറി നടപടികളിൽ നിന്നും ഇവരെ ഒഴിവാക്കണമെന്ന് റവന്യൂ അധികാരികളെ അറിയിച്ചിട്ടുണ്ടെന്ന് എറണാകുളം വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തിരുവനന്തപുരത്തെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറെ എഴുതി അറിയിച്ചത് എന്തടിസ്ഥാനത്തിലാണെന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഇവരുടെ പേരിലുള്ള മേൽപ്പറഞ്ഞ കുടിശ്ശികത്തുക എഴുതി തള്ളുന്നതിന് ക്ഷേമനിധി ബോർഡ് തീരുമാനമെടുത്തിരുന്നോ ?

ഉത്തരം

(എ) വിജ്ഞാപനത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അടയ്ക്കേണ്ടിയിരുന്ന തുക നാളിതുവരെയുള്ള പലിശ സഹിതം 1,65,76,035-യാണെന്ന് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പേരുവിവരങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) സർവ്വശ്രീ. കെ. എം. സുധാകരൻ (സി.ഐ.ടി.യു) കെ.എ. ബാലൻ (എ.ഐ.ടി.യു.സി) കെ.ആർ. വിജയൻ (ഐ.എൻ.ടി.യു.സി) എന്നിവർ 1982 മുതൽ 1985 വരെയുള്ള കാലയളവിൽ ഷാപ്പുകൾ ഏറ്റെടുത്തു നടത്തിയതായോ, തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയതായോ എറണാകുളം വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇങ്ങനെ ഒരു വിവരം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറെ അറിയിച്ചിട്ടുള്ളതായി രേഖകൾ പ്രകാരം കാണുന്നില്ലെന്ന് എറണാകുളം വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

റോഡു നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കാൻ നടപടി

45 (1197) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡു നിർമ്മാണ തൊഴിലാളികൾക്ക് എത്ര ട്രേഡ് യൂണിയനുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) റോഡു നിർമ്മാണ തൊഴിലാളികൾ പണിക്കിടയിൽ കൽപ്പൊടി കലർന്ന വായു ശ്വസിച്ച് ശ്വാസകോശരോഗങ്ങൾക്കടിമപ്പെടുന്നതു കാരണം ഇവരുടെ ആയുർദൈർഘ്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് വിവിധ കോൺട്രാക്ടർമാരുടെ കീഴിൽ എത്ര റോഡുനിർമ്മാണ തൊഴിലാളികളുണ്ട് ; അവരിൽ എത്രപേർ സ്ത്രീകളാണ് ;

(ഡി) റോഡ് നിർമ്മാണ തൊഴിലാളികൾക്ക് നിലവിൽ ക്ഷേമനിധി ഉണ്ടോ ; ഇല്ലെങ്കിൽ ക്ഷേമനിധി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ റോഡു നിർമ്മാണ തൊഴിലാളികൾക്ക് മാത്രമായി ട്രേഡ് യൂണിയൻ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളൊന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഇവരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ഡി) റോഡു നിർമ്മാണ തൊഴിലാളികൾ നിലവിലുള്ള "കേരള ബിൽഡിംഗ്സ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ" പരിധിയിൽപെടുന്നതുകൊണ്ട് ഈ വിഭാഗം തൊഴിലാളികൾക്ക് മാത്രമായി ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗികമല്ല.

സ്വർണ്ണാഭരണ നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി

46 (1198) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണാഭരണ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ആഭരണ നിർമ്മാണ മേഖലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; അല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ആഭരണ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഈ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുമായി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സ്വർണ്ണ പണിക്കാർക്ക് നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്.

(ബി&സി) ഇവരുടെ എണ്ണം കണക്കാക്കിയിട്ടില്ല. ഈ കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly